**File No.: GE-DA2/178/2025-G.EDN**

**"ഭരണഭാഷ-**

**മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് -ശ്രീ.ഗോപകുമാർ.പി,മുൻ പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്,വീയപുരം,ആലപ്പുഴ -സസ്പെൻഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**2718/2026/GEDN** തീയതി,തിരുവനന്തപുരം, **18-04-2026**

---

പരാമർശം:- **1. 24.10.2025** ലെ സ.ഉ(സാധാ) നം. **8911/2025/**പൊവിവ

**2. 17.11.2025** ലെ **DA2/178/2025-G.EDN** നം കുറ്റപത്രം

**3.** ശ്രീ. ഗോപകുമാർ പി. ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച **Crl. MC. 11316/2025** നമ്പർ കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ **19.12.2025** ലെ വിധിന്യായം.

**4.** ശ്രീ ഗോപകുമാർ പി സമർപ്പിച്ച **03.02.2026** ലെ പ്രതിവാദപത്രിക

**<u>ഉത്തരവ്</u>**

ആലപ്പുഴ വീയപുരം ജി.എച്ച്.എസ്.എസ്-ലെ മുൻ പ്രിൻസിപ്പൽ ശ്രീ.ഗോപകുമാർ.പി-യ്ക്കെതിരെ (പെൻ - **449336**) വീയപുരം പോലിസ് ക്രൈം നം **515/2025 U/s 74, 75(1)(i), 78(2) BNS AND 75 OF JJ ACT AND 8, 7, 10 9f, 9p, 12, 11(iv) of POCSO ACT** പ്രകാരം രജിസ്റ്റർ ചെയ്ത പോക്സോ കേസിൽ ടിയാനെ **22.10.2025**-ന് അറസ്റ്റു ചെയ്ത് റിമാന്റിലാക്കുകയും ചെയ്തതിനാൽ **22.10.2025** മുതൽ മുൻകാല പ്രാബല്യത്തിൽ പരാമർശം **(1)** പ്രകാരം ടിയാനെ സസ്പെന്റ് ചെയ്തിരുന്നു.

2. തുടർന്ന് ടിയാനെതിരെ **1960-ലെ KCS CCA R 15** പ്രകാരമുള്ള അച്ചടക്കനടപടിയുടെ ഭാഗമായി പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കിയിരുന്നു. ആയതിന് ടിയാൻ പരാമർശം(4) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ ടിയാനെതിരെയുള്ള പോക്സോ കേസ് ബഹു ഹൈക്കോടതിയുടെ പരാമർശം(3)-ലെ വിധിന്യായം പ്രകാരം റദ്ദ് ചെയ്ത സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ പുനഃപ്രവേശിപ്പിക്കണമെന്നും ടിയാനെതിരെയുള്ള അച്ചടക്കനടപടി പിൻവലിക്കണമെന്നും അഭ്യർഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(3) വിധിന്യായത്തിൽ, ഈ കേസിലെ കുറ്റങ്ങൾ ഹീനവും ഗുരുതരവും അല്ലെന്നും സ്വകാര്യ സ്വഭാവമുള്ളതാണെന്നും തർക്കം നിലവിൽ കക്ഷികൾ സൗഹൃദപരമായി ഒത്തുതീർപ്പാക്കിയതാണ് എന്നുമുള്ള വസ്തുതകൾ പരിഗണിച്ച്, കക്ഷികൾ തമ്മിലുള്ള സൗഹാർദ്ദപരമായ യോജിപ്പ് നിലനിർത്തുന്നതിന് കേസ് റദ്ദാക്കേണ്ടത് ആവശ്യമുള്ളതാണെന്ന് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ബഹു. ഹൈക്കോടതി **Bharatiya Nagarik Suraksha Sanhita, 2023**-ന്റെ വകുപ്പ് **528** പ്രകാരമുള്ള അധികാരം ഉപയോഗിച്ച് പെറ്റീഷണറെ പ്രസ്തുത കേസിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

4. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ **Depot Manager, Andhra Pradesh State Road Transport Corporation vs. Mohd. Yousuf Miyan (1997) 2 SCC 699 , Divisional Controller, Karnataka State Road Transport Corporation v. M.G. Vittal Rao (2012) 1 SCC 442, M Paul Anthony v. Bharat Gold Mines Ltd, (1999) 3 SCC 679,** എന്നീ വിധിന്യായങ്ങളിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, ക്രിമിനൽ നടപടികളും വകുപ്പുതല അച്ചടക്ക നടപടികളും ഒരേ സമയം തുടരുന്നതിനോ ക്രിമിനൽ നടപടി അവസാനിച്ചാൽ വകുപ്പുതല നടപടികൾ തുടരുന്നതിനോ തടസ്സമില്ലാത്തതാണ്.

5. മേൽ സാഹചര്യത്തിലും പരാമർശം(3)-ലെ വിധിന്യായം പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കിയത് **honourable acquittal** ആയി കണക്കാക്കാൻ കഴിയില്ല എന്നതിനാലും ടിയാനെതിരെ സർക്കാർ ആരംഭിച്ച അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ടിയാന്റെ സസ്പെൻഷൻ കാലയളവ് **21.04.2026** മുതൽ **6** മാസത്തേക്ക് കുടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. ടിയാന് സസ്പെൻഷൻ കാലയളവിൽ **KSR Part 1** ചട്ടം **55** പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ ആർ

ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർസെക്കൻ്ററി വിഭാഗം), തിരുവനന്തപുരം.
മേഖലാ ഉപ ഡയറക്ടർ., ചെങ്ങന്നൂർ
ശ്രീ ഗോപകുമാർ പി,പ്രിൻസിപ്പൽ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കണ്ടൻ്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ്(ന്യൂ മീഡിയ/കൈറ്റ്സ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 20-04-2026 12:56:55

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്